**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ളാനറായ ശ്രീമതി.പി.ആർ. ജയശ്രീ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം. 3223/ 2018/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 21/ 12/ 2018**

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 10.01.2018 ലെ എ 3/ 5811/ 2015 നമ്പർ കത്ത്.
2. സ.ഉ(സാ.ധാ) നം. 1925/ 15/ ത.സ്വ.ഭ.വ തീയതി 25.06.2015.
3. സ.ഉ(സാ.ധാ) നം. 3713/ 2017/ ത.സ്വ.ഭ.വ തീയതി 18.11.2017.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിട്ടിയിലെ ഡെപ്യൂട്ടേഷൻ കാലാവധിയ്ക്കു ശേഷം പരാമർശം മൂന്നിലെ സർക്കാർ ഉത്തരവു പ്രകാരം മുഖ്യനഗരാസൂത്രകന്റെ ഓഫീസിൽ നിയമിക്കപ്പെട്ട ടൗൺ പ്ളാനറായ ശ്രീമതി.പി.ആർ. ജയശ്രീ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് നല്കണമെന്ന് പരാമർശം ഒന്നു പ്രകാരം അപേക്ഷിച്ചിരുന്നു.

സൂചന രണ്ടിലെ ഉത്തരവ് പ്രകാരം വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീമതി. പി ആർ ജയശ്രീയെ വിശാല കൊച്ചി വികസന അതോറിട്ടിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ടൗൺ പ്ലാനറായി നിയമിക്കുകയും ടിയാൾ 29.06.2015 പൂർവാഹ്നത്തിൽ ജോലിയിൽ പ്രവേശിക്കുകയും ടിയാളുടെ അന്യത്ര സേവനം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുകയും 27.06.2017 തിയതിയിലെ ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്ര സേവനം അവസാനിപ്പിച്ച് 28.06.2017 തിയതിയിൽ അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുള്ളതും 01.07.2017 തിയതിയിൽ വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ വകുപ്പിൽ ഒഴിവില്ലാത്തതിനാൽ ടിയാൾ നിയമനത്തിനായി കാത്തുനിൽക്കുകയും സൂചന മൂന്നിലെ ഉത്തരവ് പ്രകാരം 21.11.2017 അപരാഹ്നത്തിൽ മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ ജീവനക്കാരൻ, അവധികഴിഞ്ഞോ പരിശീലനം കഴിഞ്ഞോ അന്യസർവ്വീസ് സേവനം കഴിഞ്ഞോ അല്ലെങ്കിൽ മുൻ നിയമന കാലാവധി കഴിഞ്ഞോ ഡ്യൂട്ടിക്ക് മടങ്ങി വരുമ്പോൾ, നിയമനത്തിനായി കാത്തിരിക്കേണ്ടി വന്നാൽ അയാൾ റിപ്പോർട്ട് ചെയ്ത തീയതിക്കും ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതിക്കും മധ്യേയുള്ള ഇടവേള കെ.എസ്.ആർ, ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കുന്നു. എന്നാൽ കെ.എസ്.ആർ, ഭാഗം ഒന്ന് ചട്ടം 23(a) പ്രകാരം ഒരു തസ്തികയിൽ ശമ്പളവും അലവൻസുകളും ലഭിക്കുന്നതിന് തസ്തികയിൽ ഒഴിവ് ആവശ്യമാണ്. ഒഴിവിന്റെ അഭാവത്തിൽ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചാൽ ഒരു തസ്തികയിൽ രണ്ടു പേർക്ക് ശമ്പളം നൽകേണ്ട അവസ്ഥയുണ്ടാകും. ആയതിനാൽ നിയമനത്തിനായി കാത്തു നിന്ന കാലയളവിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം പ്രസ്തുത കാലയളവ് അവധിയായി ക്രമീകരിക്കുന്നതിന് മാത്രമേ വ്യവസ്ഥയുള്ളൂ. ശ്രീമതി.പി.ആർ.ജയശ്രീ അന്യത്രസേവനം കഴിഞ്ഞ്

നിയമനത്തിനായി കാത്തുനിന്ന കാലയളവിൽ ടൗൺ പ്ലാനർ തസ്തികയിൽ വകുപ്പിൽ ഒഴിവില്ലായിരുന്നതിനാൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാനാവില്ല ആയതിനാൽ ശ്രീമതി. പി.ആർ. ജയശ്രീ വകുപ്പിൽ നിയമനത്തിനായി കാത്തുനിന്ന 29.06.2017 തീയതി പ്രവേശനകാലമായും 30.06.2017 മുതൽ 21.11.2017 വരെ അർഹതപ്പെട്ട അവധിയായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: മുഖ്യനഗരാസൂത്രകൻ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി.പി.ആർ. ജയശ്രീ, ടൗൺപ്ലാനർ,നഗരഗ്രാമാസൂത്രണ വകുപ്പ്.
(മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ